# GOVERNMENT OF KERALA

## Abstract

Home Department- Prisons -Recommendation of Advisory Committee of Women Prison and Correctional Home, Kannur - Premature release of F C No. 7/19, Sherin Karanavar - Orders issued.

---

## HOME (B) DEPARTMENT

G.O.(Ms)No.124/2025/HOME Dated,Thiruvananthapuram, 15-07-2025

---

Read: 1. G.O(P)No.89/2014/Home dated 06.05.2014

2. Letter No.WP1-23425/2024/PrHQ dated:26.09.2024 of the Director General, Prisons and Correctional Services

## ORDER

As per rule 462 and 463 of Kerala Prisons and Correctional Services (Management) Rules,2014 , Jail Advisory committees are constituted in each Central Prison, Open Prison, Prison for Women and High Security Prison to make recommendations for the premature release of prisoners to Government . The Jail Advisory Committee of Women Prison and Correctional Home, Kannur, held on 08.08.2024, recommended F C No. 7/19, Sherin Karanavar , for being granted premature release. The Director General of Prisons and Correctional Services has furnished the minutes of the meeting and supporting documents as per the letter read as 2 nd paper above.

2. Government have examined the matter in detail and are pleased to release F C No. 7/19, Sherin Karanavar, Women Prison and Correctional Home, Kannur, after remitting her remaining period of sentence, in exercise of powers conferred under Article 161 of the Constitution of India and subject to the conditions laid down under rule 470 of the Kerala Prisons and Correctional Services (Management) Rules, 2014.

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

Principal Secretary to Hon'ble Governor, Raj Bhavan,
Thiruvananthapuram

The State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with case file)
The Superintendent, Women Prison and Correctional Home, Kannur
General Administration (SC) Department
Law Department (Vide OPN-E1/576/2024-LAW dated 20.11.2024)
Information Officer, Web & New Media division, I&PRD
The Stock file/Office Copy

Forwarded /By order
Signed by
Kavitha S
Date: 15-07-2025 09:59:51
Section Officer

Copy to: Private Secretary to the Chief Minister

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2025

ഫയൽ നം. ബി1/340/2024/ആഭ്യന്തരം. ഇനം നം: 2653

(33) വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 08.08.2024-ൽ കൂടിയ കണ്ണൂർ വിമൺ പ്രിസൺ & കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം എഫ്.സി.നം.7/19 ഷെറിൻ കാരണവർ-ന് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2653

(25)

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/340/2024/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തര വകുപ്പ് - ജയിലുകൾ- 08.08.2024 ൽ കൂടിയ കണ്ണൂർ വിമൺ പ്രിസൺ & കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം എഫ്.സി.നം.7/19 ഷെറിൻ കാരണവർ -ന് അകാലവിടുതൽ അനുവദിക്കുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21.12.2024 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല |
| (ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി ദീപ ശിവദാസൻ |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.01.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.01.2025 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.01.2025 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

26) 08.08.2024 ൽ കൂടിയ കണ്ണൂർ വിമൺ പ്രിസൺ & കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം എഫ്.സി.നം.7/19 ഷെറിൻ കാരണവർ എന്ന തടവുകാരിക്ക് അകാലവിടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

27) 2) 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമത്തിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാല വിടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും, വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ വിമൺ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 08.08.2024 ന് യോഗം ചേർന്ന് എഫ്.സി.നം.7/19 ഷെറിൻ കാരണവർ എന്ന തടവുകാരിക്ക് അകാല വിടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.

28) 3) പ്രോസിക്യൂഷൻ കേസ് ഇപ്രകാരമായിരുന്നു. ഷെറിൻ കാരണവർ, ഭർത്താവ് ബിനു കാരണവർ, മകൾ, ഭർതൃപിതാവ് ആയ ഭാസ്കര കാരണവർ എന്നിവർ ആലപ്പുഴ ജില്ലയിലെ ചെറിയനാട് വില്ലേജിലെ തുരുത്തിമേൽ മുറിയിലെ കാരണവർ വില്ലയിലാണ് താമസിച്ചിരുന്നത്. അമേരിക്കയിൽ സ്ഥിരതാമസക്കാരനായിരുന്ന ഭാസ്കര കാരണവർ സ്വന്തം നാടായ ചെങ്ങന്നൂരിൽ തിരിച്ചെത്തുകയും മാനസിക വെല്ലുവിളി നേരിടുന്ന മകൻ ബിനുവിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന സദുദ്ദേശത്തോടെ മകൻ ബിനു കാരണവർ, ഷെറിൻ കാരണവർ, അവരുടെ പ്രായപൂർത്തിയാകാത്ത മകൾ എന്നിവർക്ക് അനുകൂലമായി ഒരു സെറ്റിൽമെന്റ് ഡീഡ് എക്സിക്യൂട്ട് ചെയ്യുകയുണ്ടായി. എന്നാൽ ഷെറിൻ അനാവശ്യമായി പണം ചിലവഴിച്ച് ജീവിതം നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ എക്സിക്യൂട്ട് ചെയ്തിരുന്ന സെറ്റിൽമെന്റ് ഡീഡ് ഭാസ്കര കാരണവർ റദ്ദാക്കി. മകൻ ബിനുവിനും ഷെറിനും കുട്ടിക്കും വേണ്ടി എക്സിക്യൂട്ട് ചെയ്ത സെറ്റിൽമെന്റ് ഡീഡ് റദ്ദാക്കിയത് മുതൽ ഷെറിനും ഭാസ്കര കാരണവരുമായി നല്ല ബന്ധമുണ്ടായിരുന്നില്ല. ടിയാളുമായി ബിസിനസ്സ് ഇടപാടുകളും അവിഹിത ലൈംഗിക ബന്ധവും പുലർത്തിയിരുന്ന ബിബീഷ് ബാബു @ ബാസിയുടെ (A2) സഹായത്തോടെ കാരണവരെ കൊലപ്പെടുത്താൻ ടിയാൾ തീരുമാനിച്ചു. ബിബീഷ് ബാബു -ന്റെ

സുഹൃത്തുക്കളായിരുന്ന മറ്റ് പ്രതികൾ. എല്ലാ പ്രതികളും ചേർന്ന് ഗൂഢാലോചന നടത്തി, 08/11/2009 പുലർച്ചെ അവർ കിടപ്പുമുറിയിൽ ഉറങ്ങുകയായിരുന്ന ഭാസ്കര കാരണവരെ കൊലപ്പെടുത്തി വിലപിടിപ്പുള്ള സാധനങ്ങൾ മോഷ്ടിച്ചു.

## ശിക്ഷ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 31.07.2024 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 31.07.2024 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1. | ബഹു. അഡീഷണൽ സെഷൻസ് ജഡ്ജ് ഫാസ്റ്റ് ട്രാക്ക് (അഡ്ഹോക്ക്) കോടതി, മാവേലിക്കര | എസ്.സി.നം. 130/2010 തീയതി: 11/06/2010 | (I)ഇന്ത്യൻ ശിക്ഷാ നിയമം 302 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 25000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കഠിന തടവ്.<br>(ii) ഇന്ത്യൻ ശിക്ഷാ നിയമം 394 r/w 34 വകുപ്പ് പ്രകാരം 3 വർഷം കഠിന തടവും 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം കഠിന തടവ്.<br>(iii) ഇന്ത്യൻ ശിക്ഷാ നിയമം 114 r/w 302, 394 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കഠിന തടവ്.<br>(iv). ഇന്ത്യൻ ശിക്ഷാ നിയമം 120 - B r/w 302, 394 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- രൂപ പിഴയും പിഴ | 14 വർഷം 4 മാസം 17 ദിവസം | 18 വർഷം 8 മാസം |

| | | | | | |
|---|---|---|---|---|---|
| | | | ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കഠിന തടവ്.<br>(v) ഇന്ത്യൻ ശിക്ഷാ നിയമം 201 r/w 34 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം കഠിന തടവ്.<br>(vi) i-V വരെയുള്ള ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതി. | | |
| 2. | ബഹു. ഹൈക്കോടതി | സി .ആർ .എൽ.എ.നം. 1370/2010 തീയതി: 05/12/2016 | അപ്പീൽ നിരസിച്ചു. | | |
| 3. | ബഹു. സുപ്രീംകോടതി | എസ്.എൽ.പി (സി .ആർ.എൽ.ഡി) നം. 41123/2017 തീയതി: 09/04/2018 | അപ്പീൽ നിരസിച്ചു | | |

## റിപ്പോർട്ടുകൾ

| | |
|---|---|
| **പോലീസ്** | അനുകൂലം |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം |

29) 4) ഈ വിഷയത്തിൽ നിയമ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

"This Department has examined the recommendation of the Jail Advisory Board with all case files thoroughly. On the basis of a thorough

examination of the details regarding the prisoner available in the file, the Administrative Department may be informed as follows:

**FC 07/19, Sherin Karanvar W/o Binu Karanavar**

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that Karanavar was a Keralite settled in United States had returned to his home town in Chengannur. Sherin Karanavar's husband Binu Karanavar was a mentally challenged person. Karanavar was anxious to protect the life and property of his mentally challenged son Binu. Initially Karanavar executed a settlement deed in favour of his son Binu, Sherin Karanavar and their minor daughter. However it had come to the notice of the Karanavar that Sherin was leading a life not in line, expending money unnecessarily. Hence Karanavar decided to cancel the settlement deed executed by him. Accordingly the settlement deed was cancelled. Sherin was not having a cordial relationship with Karanavar ever since he had cancelled the settlement deed executed in favour of his son Binu, Sherin and her child. She decided to do away with Karanavar for which she sought the help from A2 Bibeesh Babu@ Basi who was having a business dealing and illicit sexual relationship with her. The other accused persons were the friends of A2. All the accused persons conspired together to murder Karanavar and on 08/11/2009 early morning A2 to A4 committed murder of Karanavar while he was sleeping in his bed room and stole valuable articles.<br><br>She was accused in SC.No.130/2010 of The Court of Additional Sessions Judge | The District Probation Officer, Kollam and Police Report are recommend her release. Jail Advisory Board also recommended her release.<br><br>As per Section 77 of the THE KERALA PRISONS AND CORRECTIONAL SERVICES (MANAGEMENT) ACT, 2010 Government have the power of granting premature release to prisoners either *suo moto* or on the recommendation of the Advisory Committee. As per Sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishments provided by law, such person shall not be released from prison unless he had undergone at least 14 years of imprisonment. She has undergone actual imprisonment of 14 years, 4 months and 17 days as on 31.07.2024.<br>Copy of the order of Appellate Court in Crl. Appeal Nos. 1131, 1370,1448 & 1633/2010 is incomplete. Hence the order could not be verified. It is also not clear whether the appellate court has made any changes in the order of the convicting court. A/D may verify the same. The Supreme Court had dismissed the SLP filed against the order of the High Court. Subject to the above, AD may be informed that there is no legal |

| | |
|---|---|
| Fast Track (Adhoc) Court, Maveli kara and convicted and sentenced to Imprisonment for life and to pay a fine of Rs.25000/- and in default to undergo rigorous imprisonment for one year more for the offence punishable under Sec.302 r/w 34 IPC. Rigorous imprisonment for three years and to pay a fine of Rs.5000/-in default to under go rigorous imprisonment for a period of three months more for the offence punishable under Sec.394 r/w 34 of IPC. Imprisonment for life and to pay a fine of Rs.25000/-in default to under go rigorous imprisonment for one year more for the offence punishable under S.114 r/w S.302 and 394 of IPC. Imprisonment for life and to pay a fine of Rs.25000/- and in default to undergo rigorous imprisonment for one year more for the offence punishable under Sec.120-B r/w S.302 and 394 of IPC. Rigorous Imprisonment for three years and to pay a fine of Rs.5000/- in default to undergo rigorous imprisonment for a period of three months more for the offence punishable under Sec 201 r/w S 34 of IPC. Substantive sentence of imprisonment shall run concurrently. Set off allowed.<br><br>The copy of the judgment in CRL.A.No.1370/2010 dated 05.12.2016 of the Hon'ble High Court submitted with the file is incomplete.Hence it is difficult to find out the operative part of the judgement. The Hon'ble Supreme Court dismissed SLP (CrlD) No.41123/2017 dated 09.04.2018. | impediment in granting premature release to the prisoner. |

5) തടവുകാരിക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് നിയമതടസ്സമില്ലെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

31) 6) എഫ്.സി.നം.7/19 ഷെറിൻ കാരണവർ എന്ന തടവുകാരിക്ക് അകാലവിട്ടുതൽ അനുവദിക്കണമെന്ന 08.08.2024-ൽ കൂടിയ കണ്ണൂർ വിമൺ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശുപാർശ മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

32) കണ്ണൂർ വിമൺ പ്രിസൺ & കറക്ഷണൽ ഹോമിലെ 08.08.2024 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ അഭിപ്രായവും പരിഗണിച്ച് ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും എഫ്.സി.നം.7/19 ഷെറിൻ കാരണവർ എന്ന തടവുകാരിക്ക് ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?